ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 09.07.2026 | പ്രധാന വാർത്തകൾ | TIME : 07.25 PM

1. വികസിത രാഷ്ട്രം എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ മുന്നേറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മെൽബണിൽ ഇന്ത്യൻ പ്രവാസി സമൂഹത്തെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി.
   **Prime Minister Narendra Modi has said that 21st - century India is working towards the goal of becoming a developed nation. Prime Minister was addressing the Indian diaspora in Melbourne.**

2. ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിന് കൊച്ചിയിൽ സമാപനമായി. വനിതാ ട്രാക്കിലെ ആദ്യ ബ്രിക്സ് സംയുക്ത പ്രസ്താവനയ്ക്ക് യോഗത്തിൽ അംഗീകാരം.
   **The BRICS Women's Ministerial Meeting concluded in Kochi today. The meeting approved the first-ever Joint BRICS Declaration on the Women's Track.**

3. വയനാട് കള്ളാടി മണ്ണിടിച്ചിലിൽ കാണാതായവരിൽ, മൂന്നു പേരുടെ മൃതദേഹങ്ങൾ ഇന്ന് കണ്ടെത്തി. ഇനി കണ്ടെത്താനുള്ളത് രണ്ടു പേരെ.
   **The bodies of three more persons, who had gone**

missing in the Kalladi landslide in Wayanad, were recovered today. The search continues for the remaining two missing persons.

4. അതിർത്തി ജില്ലകളിലെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ സമ്മേളനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ചേർന്നു.

   **Union Home Minister Amit Shah is chairing a conference of Superintendents of Police SPs from border districts in New Delhi today.**

5. കേരളത്തിന്റെ വടക്കൻ ജില്ലകളിൽ ശക്തമായ മഴ തുടരുന്നു. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

   **Heavy rainfall continues in the northern districts of Kerala. An Orange Alert has been issued today for Malappuram, Kozhikode, and Wayanad districts. Fishing has been banned along the Kerala, Karnataka, and Lakshadweep coasts.**

6. ഫിഫ ലോകകപ്പ് ഫുട്ബോൾ ആദ്യ ക്വാർട്ടർ ഫൈനലിൽ ഇന്ന് രാത്രി 1.30 ന് ഫ്രാൻസ് മൊറോക്കോയെ നേരിടും.

   **In the first quarter-final of the FIFA World Cup, France will take on Morocco tonight at 1:30 AM.**

☸☸☸☸☸☸☸☸☸☸☸☸☸

## PM-MELBOURNE (INTRO)

വികസിത രാഷ്ട്രം എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ മുന്നേറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഓസ്ട്രേലിയയിലെ മാർവെൽ സ്റ്റേഡിയത്തിൽ നടന്ന മെൽബൺ മീറ്റ്സ് മോദി പരിപാടിയിൽ ആവേശകരമായ വരവേൽപാണ് ഇന്ത്യൻ പ്രവാസി സമൂഹത്തിൽ നിന്നും പ്രധാനമന്ത്രിക്ക് ലഭിച്ചത്. കൂടുതൽ വളരുക, കൂടുതൽ നേടുക എന്ന മന്ത്രത്തിലൂന്നിയാണ് വികസിത ഭാരതത്തിനായുള്ള ഇന്ത്യയുടെ പ്രവർത്തനങ്ങളെന്ന് അദ്ദേഹം പറഞ്ഞു. ഇലക്ട്രോണിക്സ്, ഫാർമസ്യൂട്ടിക്കൽസ്, ഓട്ടോമൊബൈൽ മേഖലകളിലെ ലോകോത്തര ബ്രാൻഡ് ആയി മേക്ക് ഇൻ ഇന്ത്യ മാറിയതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

(ഹോൾഡ്)

മെട്രോ ശൃംഖല, റാപ്പിഡ് റെയിൽ എന്നിവയിൽ രാജ്യം കൈവരിച്ച നേട്ടങ്ങളെക്കുറിച്ചും പ്രതിരോധ രംഗത്തെ തദ്ദേശീയ സംവിധാനങ്ങളെക്കുറിച്ചും പ്രധാനമന്ത്രി പറഞ്ഞു. ഓസ്ട്രേലിയയെ സമൃദ്ധിയിലേക്ക് നയിക്കുന്ന ഊർജ്ജ കേന്ദ്രമാണ് ഇന്ത്യൻ പ്രവാസികളെന്ന് ചടങ്ങിൽ പങ്കെടുത്ത് ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആൻറണി ആൽബനീസ് അഭിപ്രായം പങ്കുവച്ചു.

*******************************

## PM ANNUAL SUMMIT

മെൽബണിൽ നടന്ന മൂന്നാമത് ഇന്ത്യ-ഓസ്ട്രേലിയ വാർഷിക ഉച്ചകോടിയിൽ ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി ആൽബനീസിനൊപ്പം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പങ്കെടുത്തിരുന്നു. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച പ്രതിനിധിതല ചർച്ചകൾ ഉച്ചകോടിയിൽ നടന്നു. ഇന്തോ-പെസഫിക് മേഖലയിലെ സമാധാനം

സംരക്ഷിക്കുന്നതിനായി, സംയുക്ത പ്രതിരോധ സഹകരണ പ്രഖ്യാപനത്തിൽ ഇരുവരും ഒപ്പുവച്ചു. ഓസ്ട്രേലിയയിൽ നിന്നും ഇന്ത്യയിലേക്ക് യുറേനിയം എത്തിക്കുന്നതിനുള്ള സുപ്രധാന കരാറിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചതായി ശ്രീ മോദി അറിയിച്ചു. നിർണായക ധാതു ഇടനാഴി, നൂതന സാങ്കേതിക സഹകരണം എന്നിവയ്ക്കും രാജ്യങ്ങൾക്കിടയിൽ ധാരണയായി. ഇന്ത്യ-ഓസ്ട്രേലിയ സിഇഒ ഫോറത്തിലും ഇരു പ്രധാനമന്ത്രിമാരും ഇന്ന് രാവിലെ പങ്കെടുത്തിരുന്നു.

*********************************

## BRICS WOMEN MINISTERIAL MEETING (INTRO)

കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ച ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിന് സമാപനമായി. വനിതാ ട്രാക്കിലെ ആദ്യ ബ്രിക്സ് സംയുക്ത പ്രസ്താവനയ്ക്ക് യോഗം അംഗീകാരം നൽകി.

**വിശദാംശങ്ങളുമായി ആകാശവാണി എറണാകുളം ജി ല്ലാ പ്രതിനിധി പി നഹീമ..**

(വോയിസ്)

*********************************

## WAYANAD - LANDSLIDE

വയനാട് കള്ളാടി മണ്ണിടിച്ചിലിൽ കാണാതായവരിൽ, മൂന്നു പേരുടെ മൃതദേഹങ്ങൾ ഇന്ന് കണ്ടെത്തി. ഇതിൽ രണ്ടു പേരെ തിരിച്ചറിഞ്ഞിട്ടുണ്ട്. മീനാക്ഷി തോടിന് സമീപം നടന്ന തിരച്ചിലിലാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്. പോസ്റ്റ്മോർട്ടത്തിനും എംബാം നടപടികൾക്കും ശേഷം മൃതദേഹങ്ങൾ വ്യോമമാർഗ്ഗം ബന്ധുക്കൾക്ക് കൈമാറും. ഇനി

രണ്ടു പേരെ കൂടിയാണ് കണ്ടെത്താനുള്ളത്. ഇവർക്കായി നാളെയും തിരച്ചിൽ തുടരും.

*******************************

## HM-SP CONFERENCE

അതിർത്തി ജില്ലകളിൽ പോലീസ് സൂപ്രണ്ടുമാരുടെ സമ്മേളനം കേന്ദ്ര ആഭ്യന്തര അമിത് ഷായുടെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ചേർന്നു. നിയമപാലനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളിലൂടെ, അതിർത്തി സുരക്ഷാ സംവിധാനം ശക്തമാക്കുകയാണ് സമ്മേളനത്തിലൂടെ ലക്ഷ്യമിടുന്നത്. പ്രശ്ന ബാധിത പ്രദേശങ്ങളിലെ സാഹചര്യം, കിഴക്കൻ മേഖലകളിലെ അനധികൃത കുടിയേറ്റം, ഡ്രോൺ ഭീഷണികൾ, മയക്കുമരുന്ന് കടത്ത് തുടങ്ങിയവ യോഗം വിലയിരുത്തി.

*******************************

## JK-ARMY CHIEF

കരസേനാ മേധാവി ജനറൽ ധീരജ് സേത്ത് ജമ്മു കശ്മീരിലെ പൂഞ്ചിൽ അതിർത്തി പ്രദേശങ്ങൾ സന്ദർശിച്ച് സുരക്ഷാ സാഹചര്യം വിലയിരുത്തി. വൈറ്റ് നൈറ്റ് കോർ ആസ്ഥാനം അദ്ദേഹം സന്ദർശിച്ചു. മുതിർന്ന സൈനിക ഉദ്യോഗസ്ഥരുമായും ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ, മുഖ്യമന്ത്രി ഒമർ അബ്ദുള്ള എന്നിവരുമായും കരസേനാ മേധാവി കൂടിക്കാഴ്ച നടത്തി. കരസേനാ മേധാവിയായി ചുമതലയേറ്റ ശേഷമുള്ള ജനറൽ ധീരജ് സേത്തിന്റെ ആദ്യ പൂഞ്ച് സന്ദർശനമാണിത്.

*******************************

## PSC

പി.എസ്.സി ക്രമക്കേടുമായി ബന്ധപ്പെട്ട ആരോപണങ്ങൾ പരിശോധിക്കുന്നതിന് I.G എസ്. അജിതാബീഗത്തിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് സംസ്ഥാന പോലീസ് മേധാവി ഉത്തരവിറക്കി. എസ്.പി സക്കറിയ മാത്യു, ക്രൈം ബ്രാഞ്ച് D.Y.S.P അജയ്നാഥ് എന്നിവരും സംഘത്തിലുണ്ട്.

*******************************

## RAIN - KERALAM

സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ ശക്തമായ മഴ തുടരുന്നു. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. 6 ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. 5 വടക്കൻ ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയാണ്. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

*******************************

## KANNUR - RAIN (INTRO)

കാലവർഷക്കെടുതിയിൽ കണ്ണൂർ ജില്ലയിൽ ഇതുവരെ രണ്ടുകോടി 85 ലക്ഷത്തിലധികം രൂപയുടെ കൃഷിനാശം. വാഴകൃഷിയെയാണ് മഴക്കെടുതി പ്രധാനമായും ബാധിച്ചത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...**

(വോയിസ്)

*******************************

## GOVT-CUSTOM DUTY CUT ON ELEC COMS

ഡിസ്‌പ്ലേ അസംബ്ലി, ലിഥിയം അയോൺ സെൽ, ഇൻഡക്റ്റർ കോയിൽ മോഡ്യൂൾ എന്നിവയുടെ നിർമാണത്തിനാവശ്യമായ വസ്തുക്കളുടെ അടിസ്ഥാന കസ്റ്റംസ് തീരുവയിൽ ഇളവ് വരുത്തി കേന്ദ്ര സർക്കാർ. സ്മാർട്ട്ഫോണുകൾ, ലാപ്ടോപ്പുകൾ, സ്മാർട്ട് ടിവികൾ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ആഭ്യന്തര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുകയാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

*******************************

## PIB FACT CHECK-LPG TANKER

ഇറാൻ മിസൈലാക്രമണത്തിൽ ഇന്ത്യയിലേക്കുള്ള എൽപിജി ടാങ്കർ തകർന്നതായ, സമൂഹ മാധ്യമത്തിലെ പ്രചാരണം വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. പ്രചരിക്കുന്ന ചിത്രം, യെമനിലെ ഏദൻ തീരത്ത് കഴിഞ്ഞ വർഷം നടന്ന സ്ഫോടനത്തിന്റേതാണെന്നും പിഐബി വസ്തുത പരിശോധന വിഭാഗം അറിയിച്ചു.

*******************************

## FIFA

ഫിഫ ലോകകപ്പിൽ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം. രാത്രി 1.30-ന് ബോസ്റ്റൺ സ്റ്റേഡിയത്തിൽ നടക്കുന്ന ആദ്യ മത്സരത്തിൽ മുൻ ചാമ്പ്യന്മാരായ ഫ്രാൻസ്, ആഫ്രിക്കൻ കരുത്തരായ മൊറോക്കോയെ നേരിടും. നാളെ രാത്രി 12.30 നാണ് സ്പെയിൻ-ബെൽജിയം രണ്ടാം ക്വാർട്ടർ ഫൈനൽ. ഞായറാഴ്ച പുലർച്ചെ 2.30 നുള്ള മത്സരത്തിൽ നോർവേ- ഇംഗ്ലണ്ടിനെയും, 6.30 ന് അർജന്റീന- സ്വിറ്റ്സർലന്റിനെയും നേരിടും. ഈ മാസം 15 നും, 16 നുമാണ് സെമി ഫൈനൽ മത്സരങ്ങൾ.

*******************************

## WIMBLEDON

വിമ്പിൾഡൺ വനിതാ സിംഗിൾസ് സെമിഫൈനൽ മത്സരങ്ങൾക്ക് തുടക്കമായി. അമേരിക്കയുടെ കോക്കോ ഗൗഫ് ചെക് താരം കരോലിന മുച്ചോവയുമായി ഇപ്പോൾ ഏറ്റുമുട്ടുകയാണ്. തുടർന്ന് നടക്കുന്ന രണ്ടാം സെമിയിൽ യുക്രെയിന്റെ മാർട്ടാ കോസ്റ്റ്യുക്, ചെക്ക് താരം ലിൻഡ നൊസ്കോവയുമായി ഏറ്റുമുട്ടും. നാളെ നടക്കുന്ന പുരുഷ സിംഗിൾസ് സെമി ഫൈനലിൽ അലക്സാണ്ടർ സ്വരേവ്- ആർതർ ഫെറിയെയും, യാനിക് സിന്നർ- നൊവാക് ജോക്കോവിച്ചിനെയും നേരിടും.

*******************************

## IRAN NUCLEAR PLANT

ഇറാനിലെ ബുഷേർ ആണവനിലയത്തിന് സമീപം അമേരിക്ക വ്യോമാക്രമണം നടത്തിയതായി ആരോപിച്ച് ഇറാൻ. ആക്രമണങ്ങൾ അവസാനിപ്പിച്ചതായി യുഎസ് സെൻട്രൽ കമാൻഡ് അറിയിച്ച് മണിക്കൂറുകൾക്ക് ശേഷമാണ് ആക്രമണം ഉണ്ടായതെന്ന് ഇറാന്റെ ഔദ്യോഗിക വാർത്താ ഏജൻസി അറിയിച്ചു. സംഭവത്തിൽ യുഎസ് അധികൃതർ ഇതുവരെ പ്രതികരിച്ചില്ല. ഇറാനെതിരെ അമേരിക്ക നടത്തിയ വ്യോമാക്രമണങ്ങൾക്ക് മറുപടിയായി പശ്ചിമേഷ്യയിലെ യുഎസ് താവളങ്ങൾ ഇറാനും ആക്രമിച്ചിരുന്നു. ബഹറിൻ, കുവൈറ്റ്, ഖത്തർ എന്നീ രാജ്യങ്ങളിൽ ഇറാൻ മിസൈൽ ആക്രമണം നടത്തി. രണ്ട് ദിവസമായി തുടരുന്ന അമേരിക്കൻ വ്യോമാക്രമണത്തിൽ 14 പേർ കൊല്ലപ്പെടുകയും 78 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി ഇറാൻ ആരോഗ്യ മന്ത്രാലയം അറിയിച്ചു.

*******************************

## INDIA-AUSTRALIA ANTIQUITIES

തമിഴ്നാട്ടിലെ ക്ഷേത്രങ്ങളിൽ നിന്നുള്ള 11, 12 നൂറ്റാണ്ടുകളിലെ മൂന്ന് പുരാവസ്തുക്കൾ ഇന്ത്യക്ക് തിരികെ നല്കുമെന്ന് ഓസ്ട്രേലിയ. ഭദ്രകാളി ദേവിയുടെ വെങ്കല ശൂലം, കരിങ്കല്ലിൽ തീർത്ത നന്ദി വിഗ്രഹം, കാർത്തികേയ ശില്പം എന്നിവയാണ് കൈമാറുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഓസ്ട്രേലിയൻ സന്ദർശന വേളയിലാണ് ഇത് സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനമുണ്ടായത്.

*******************************

## SPECIAL TRAIN ONAM

ഓണക്കാലം പ്രമാണിച്ച് യാത്രക്കാരുടെ സൗകര്യാർത്ഥം ദക്ഷിണ റെയിൽവേ പ്രഖ്യാപിച്ച സ്പെഷ്യൽ ട്രെയിനുകളിലേക്കുള്ള റിസർവേഷൻ ഇന്ന് രാവിലെ എട്ട് മണി മുതൽ ആരംഭിച്ചു. ചെന്നൈ - കൊല്ലം - ചെന്നൈ, തിരുവനന്തപുരം - താംബരം - തിരുവനന്തപുരം പ്രതിവാര എക്സ്പ്രസ് സ്പെഷ്യലുകളാണ് ദക്ഷിണ റെയിൽവേ പ്രഖ്യാപിച്ചത്.